ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 02.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. അനധികൃത കുടിയേറ്റം രാജ്യം നേരിടുന്ന വലിയ ഭീഷണിയാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   **Illegal immigration is the biggest threat facing the country, says Vice President Jagdeep Dhankhar.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സന്ദർശനം പുരോഗമിക്കുന്നു; ജാംനഗറിൽ മൃഗസംരക്ഷണ പുനരധിവാസ കേന്ദ്രം സന്ദർശിച്ചു.

   **Prime Minister Narendra Modi's visit to Gujarat is in progress; he visited an animal rescue and rehabilitation center in Jamnagar.**

3. ഓഹരി വിപണി തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ മുൻ സെബി മേധാവിക്കെതിരെ FIR രജിസ്റ്റർ ചെയ്യണമെന്ന് മുംബൈ അഴിമതി വിരുദ്ധ കോടതി.

   **Mumbai Court Orders FIR Against Ex-SEBI Chief Over Alleged Stock Market Fraud.**

4. 15 -ാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം നാളെ പുനഃരാരംഭിക്കും.

   **The 13th session of the 15th Kerala Legislative Assembly will resume tomorrow.**

5. കേരളത്തിൽ SSLC, ഹയർസെക്കൻഡറി പരീക്ഷകൾക്ക് നാളെ തുടക്കം.

   **SSLC, Higher Secondary exams to begin tomorrow in Kerala.**

6. രഞ്ജി ട്രോഫി കിരീടം വിദർഭയ്ക്ക്; ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യക്കെതിരെ ന്യൂസിലൻഡിന് 250 റൺസ് വിജയലക്ഷ്യം.

   **Vidarbha win Ranji Trophy title; New Zealand set 250-run target against India in Champions Trophy.**

&&&&&&&&&&&&&&

## VICE PRESIDENT (INTRO)

അനധികൃത കുടിയേറ്റം രാജ്യം നേരിടുന്ന വലിയ ഭീഷണിയാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. തിരുവനന്തപുരത്ത് 'ജനാധിപത്യം, ജനസംഖ്യ, വികസനം, ഭാരതത്തിന്റെ ഭാവി' എന്ന വിഷയത്തിൽ നാലാമത് പി. പരമേശ്വരൻ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു ഉപരാഷ്ട്രപതി. ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ പാർലമെൻറ് ജനങ്ങൾക്ക് മാതൃകയാകണമെന്നും ജനങ്ങളുടെ അഭിലാഷങ്ങൾ യാഥാർത്ഥ്യമാക്കേണ്ട ഇടമാണ് പാർലമെൻ്റെന്നും ഉപരാഷ്ട്രപതി പറഞ്ഞു. ഒരു ദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി അദ്ദേഹം മടങ്ങി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

**(വോയ്സ്)**

ഹൈദരാബാദിലെ IIT സന്ദർശിച്ച അദ്ദേഹം വിദ്യാർത്ഥികളും അധ്യാപകരുമായും സംവദിക്കുകയും ചെയ്തു.

**&&&&&&&&&&&&&&**

## DAY PM-GUJARAT (EARLY)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സന്ദർശനം പുരോഗമിക്കുന്നു. ജാംനഗറിലെ മൃഗസംരക്ഷണ പുനരധിവാസ കേന്ദ്രമായ **വൻതാര** പ്രധാനമന്ത്രി സന്ദർശിച്ചു. സോമനാഥ് ക്ഷേത്രത്തിൽ ദർശനം നടത്തുന്ന അദ്ദേഹം ശ്രീ സോമനാഥ് ട്രസ്റ്റിൻറെ യോഗത്തിൽ അധ്യക്ഷത വഹിക്കും. നാളെ അദ്ദേഹം ഗിർ ദേശീയോദ്യാനം സന്ദർശിക്കും. ദേശീയ വന്യജീവി ബോർഡ് യോഗത്തിൽ പ്രധാനമന്ത്രി അധ്യക്ഷത വഹിക്കും.

**&&&&&&&&&&&&&&**

## AMIT SHAH – DRUGS

രാജ്യത്ത് രജിസ്റ്റർ ചെയ്ത 12 വ്യത്യസ്ത കേസുകളിലായി ലഹരിമരുന്ന് കടത്തിയ 29 പേരെ ശിക്ഷിച്ചതായി കേന്ദ്ര

ആഭ്യന്തരമന്ത്രി അമിത് ഷാ. ഇത്തരക്കാർക്കു കേന്ദ്ര സർക്കാർ കനത്ത ശിക്ഷ നൽകുമെന്നും ശ്രീ ഷാ അറിയിച്ചു. ലഹരിമുക്ത ഇന്ത്യക്കായി പഴുതടച്ച അന്വേഷണങ്ങൾ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&

**MUMBAI-SEBI**

ഓഹരി വിപണിയിലെ തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ മുൻ സെബി മേധാവി മാധബി പുരി ബുച്ച് ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥർക്കെതിരെ FIR രജിസ്റ്റർ ചെയ്യാൻ മുംബൈയിലെ പ്രത്യേക അഴിമതി വിരുദ്ധ കോടതി ഉത്തരവിട്ടു. ഒരു പത്രപ്രവർത്തകൻ സമർപ്പിച്ച ഹർജിയിലാണ് ജഡ്ജ് എസ് ഇ ബംഗാറിൻറെ ഉത്തരവ്. അന്വേഷണം നിരീക്ഷിക്കുമെന്നറിയിച്ച കോടതി, കേസിൻറെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശിച്ചു.

&&&&&&&&&&&&&&

**EC EPIC**

ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിലെ നമ്പരുകളിലുള്ള സമാനത കള്ളവോട്ടുകളാകില്ലെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. രണ്ട് വ്യത്യസ്ത സംസ്ഥാനങ്ങളിൽ സമാന നമ്പറുകൾ ഉള്ളതായി ചൂണ്ടിക്കാട്ടിയുള്ള മാധ്യമ വാർത്തകളുടെ പശ്ചാത്തലത്തിലാണ് വിശദീകരണം. നമ്പറുകൾ ഒരുപോലെ ആണെങ്കിലും ഇവരുടെ നിയമസഭാ മണ്ഡലവും പോളിങ് ബൂത്തുകളും വ്യത്യസ്തമാണെന്നും കമ്മീഷൻ വ്യക്തമാക്കി.

&&&&&&&&&&&&&&

**ASSEMBLY**

15 -ാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം നാളെ പുനഃരാരംഭിക്കും. സർവകലാശാല നിയമഭേദഗതി ബില്ലും സ്വകാര്യ സർവകലാശാല ബില്ലും സഭ നാളെ

പരിഗണിക്കും. ബജറ്റ് ചർച്ചകൾ പൂർത്തിയാക്കി കഴിഞ്ഞ മാസം 17 നാണ് നിയമസഭ പിരിഞ്ഞത്.

&&&&&&&&&&&&&&

## SSLC, PLUS 2 EXAM

കേരളത്തിൽ SSLC, ഹയർസെക്കൻഡറി പരീക്ഷകൾക്ക് നാളെ തുടക്കം. നാല് ലക്ഷത്തി 27,021 വിദ്യാർത്ഥികളാണ് ഇത്തവണ SSLC പരീക്ഷ എഴുതുന്നത്. ഗൾഫ് മേഖലയിൽ 682 കുട്ടികളും, ലക്ഷദ്വീപ് മേഖലയിൽ 447 കുട്ടികളും പരീക്ഷ എഴുതുന്നുണ്ട്. ഉച്ചയ്ക്ക് ശേഷമാണ് ഹയർസെക്കൻഡറി പരീക്ഷകൾ. എല്ലാ പരീക്ഷകളും മാർച്ച് 26 ന് അവസാനിക്കും. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് മന്ത്രി വി ശിവൻകുട്ടി വിജയാശംസകൾ നേർന്നു.

&&&&&&&&&&&&&&

## RAMAZAN

വിശുദ്ധ റംസാൻ മാസത്തിലെ വ്രതാനുഷ്ഠാനത്തിന് തുടക്കം. ഇസ്ലാം മത വിശ്വാസികൾക്ക് ഈ മാസം ആത്മസംയമനത്തിൻ്റെയും സഹാനുഭൂതിയുടേയും വിശുദ്ധകാലമാണ്. പുണ്യ മാസത്തിൻ്റെ ആരംഭവേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഏവർക്കും ആശംസകൾ നേർന്നു.

&&&&&&&&&&&&&&

## COMMERCE – GeM

സുതാര്യത, കാര്യക്ഷമത, ഉൾക്കൊള്ളൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ രാജ്യത്തെ പൊതുസംഭരണത്തിൽ പരിവർത്തനം സൃഷ്ടിച്ച് ഗവൺമെൻ്റ് ഇ-മാർക്കറ്റ്പ്ലേസ് - GeM. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഏകദേശം 63 ലക്ഷം ഓർഡറുകൾ ലഭിച്ചതായും നാല് ലക്ഷം കോടി രൂപയാണ് ഇതിൻ്റെ മൂല്യമെന്നും വാണിജ്യ-വ്യവസായ മന്ത്രാലയം കൂട്ടിച്ചേർത്തു. ഉപഭോക്താക്കൾക്കായി വിശാലമായ സംഭരണ സംവിധാനം

സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള രാജ്യത്തെ പൊതു സംഭരണ ഓൺലൈൻ സംവിധാനമാണ് GeM.

&&&&&&&&&&&&&&

**REV INDIA POVERTY**

കഴിഞ്ഞ പത്തുവർഷത്തിനിടെ രാജ്യത്തെ ദാരിദ്ര്യത്തിൽ ഗണ്യമായ കുറവെന്ന് ഗവേഷണപഠനം. സാമ്പത്തിക ശാസ്ത്രജ്ഞരായ സുർജിത് എസ് ഭല്ല, കരൺ ഭാസിൻ എന്നിവരുടെ പഠനത്തിലാണ് ഈ വിലയിരുത്തൽ. രാജ്യത്ത് അതി ദരിദ്രരുടെ എണ്ണത്തിൽ വലിയ കുറവുണ്ടായതായും 2022-23, 2023-24 വർഷങ്ങളിലെ ഗാർഹിക ചിലവുകൾ അധികരിച്ചുള്ള പഠനത്തിൽ പറയുന്നു. കഴിഞ്ഞ 12 വർഷത്തിനിടെ അസമത്വത്തിലും വലിയ കുറവുണ്ടായതായി ഗവേഷണം ചൂണ്ടിക്കാട്ടുന്നു.

&&&&&&&&&&&&&&

**JOSHI-CWC (INTRO)**

രാജ്യത്ത് വിതരണശൃംഖലകൾ ശക്തിപ്പെടുത്തുന്നതിലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷൻ - CWC, നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി. ന്യൂഡൽഹിയിൽ CWC-യുടെ 69-ാമത് സ്ഥാപക ദിനാഘോഷ വേളയിൽ വീഡിയോ സന്ദേശത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

പയർവർഗ്ഗങ്ങൾ, പരുത്തി, നിലക്കടല തുടങ്ങിയവയുടെ സംഭരണം, പരിപാലനം, ചരക്കുനീക്കം എന്നിവയിലൂടെ പിഎം ഗരീബ് കല്യാൺ യോജന, പിഎം ആശ എന്നീ പദ്ധതികളുടെ വിജയകരമായ പ്രവർത്തനത്തിന് CWC-ക്ക് സാധിച്ചതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&

**RENJI TROPHY**

രഞ്ജി ട്രോഫി ക്രിക്കറ്റ് കിരീടം വിദർഭയ്ക്ക്. 74 വർഷത്തിനിടെ ആദ്യമായി ഫൈനൽ കളിച്ച കേരളത്തിൻറെ പ്രതീക്ഷകൾ തകർത്താണ് വിദർഭ മൂന്നാം കിരീടം സ്വന്തമാക്കിയത്. കലാശപ്പോരാട്ടം സമനിലയിൽ അവസാനിച്ചതോടെ ഒന്നാം

ഇന്നിങ്സ് ലീഡിന്റെ ആനുകൂല്യത്തിൽ വിദർഭയെ വിജയികളായി പ്രഖ്യാപിക്കുകയായിരുന്നു. ഒന്നാം ഇന്നിങ്സിൽ 37 റൺസിന്റെ ലീഡ് ആണ് വിദർഭയ്ക്ക് ലഭിച്ചത്.

**&&&&&&&&&&&&&&**

**CRICKET- ICC CT - (IND VS NZ)**

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിലെ അവസാന ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യക്കെതിരെ ന്യൂസിലാൻഡിന് 250 റൺസ് വിജയലക്ഷ്യം. ഒടുവിൽ വിവരം കിട്ടുമ്പോൾ ന്യൂസിലൻഡ് 14-ാം ഓവറിൽ 2 വിക്കറ്റിന് 52 റൺസെടുത്തിട്ടുണ്ട്. നേരത്തേ, ടോസ് നേടിയ ന്യൂസിലാൻഡ്, ഫീൽഡിങ് തിരഞ്ഞെടുക്കുകയായിരുന്നു. ന്യൂസിലൻഡിന്റെ മാറ്റ് ഹെൻറി അഞ്ചുവിക്കറ്റ് നേടി. ഇരുടീമും സെമി ഫൈനൽ ബെർത്ത് ഉറപ്പിച്ചിട്ടുണ്ട്. ഇന്നത്തെ വിജയികൾ മറ്റന്നാൾ നടക്കുന്ന സെമി ഫൈനലിൽ ഓസ്ട്രേലിയയെ നേരിടും. ഇന്ത്യൻ ബാറ്റർ വിരാട് കോഹ്ലിയുടെ മുന്നൂറാം ഏകദിനം എന്ന പ്രത്യേകതയും ഇന്നത്തെ മത്സരത്തിനുണ്ട്.

**&&&&&&&&&&&&&&**

**ISL**

ഐ.എസ്.എൽ ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ എഫ്.സി.- ബംഗളൂരു എഫ്.സി മത്സരം പുരോഗമിക്കുന്നു. കൊൽക്കത്തയിലെ സാൽട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

**&&&&&&&&&&&&&&**

**IMD WEATHER**

ലക്ഷദ്വീപിലെ ഒറ്റപ്പെട്ട ഇടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളം, മാഹി, അസം, മേഘാലയ, നാഗാലാൻഡ്, മണിപ്പൂർ, മിസോറം, ത്രിപുര, അരുണാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ചില ഭാഗങ്ങളിൽ ഇടിമിന്നലിനും ശക്തമായ കാറ്റിനും സാധ്യതയെന്നും മുന്നറിയിപ്പുണ്ട്. കർണാടകയിലെ തീരദേശ മേഖലയിൽ ഉഷ്ണതരംഗ സാധ്യതയും പ്രവചിച്ചിട്ടുണ്ട്. കൊങ്കൺ, ഗോവ എന്നിവിടങ്ങളിൽ ചൂടിനും ഈർപ്പമേറിയ അന്തരീക്ഷത്തിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&

**WEATHER – KERALA**

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഇടത്തരം മഴയ്ക്കും, മണിക്കൂറിൽ 40 കിലോമീറ്റർ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇന്ന് രാവിലെ മുതൽ തുടർച്ചയായി മഴയാണ് ലഭിക്കുന്നത്. ലക്ഷദ്വീപ് തീരത്ത് ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ഇന്നും നാളെയും മീൻപിടിത്തത്തിനു വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&

**KERALA CARE**

'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നാടിന് സമർപ്പിക്കും. തിരുവന്തപുരത്ത് നടക്കുന്ന പരിപാടിയിൽ മന്ത്രിമാരായ വീണാ ജോർജ്, എം ബി രാജേഷ് എന്നിവർ സന്നിഹിതരാകും. സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും ഉൾപ്പെടുത്തിയാണ് പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നത്.

&&&&&&&&&&&&&&

&&&&&&&&

&&&